മീഡിയാ സെന്ററുകൾ

43 (5390) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (ഐ ആന്റ് പി.ആർ.) വകുപ്പ് സംസ്ഥാനത്ത് മീഡിയാ സെന്ററുകൾ സജ്ജമാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ) ചില പ്രത്യേക സന്ദർഭങ്ങളിൽ മാത്രമാണ് മീഡിയാസെന്ററുകൾ സജ്ജമാക്കാറുള്ളത്. സാധാരണയായി ഇൻഫർമേഷൻ സെന്ററുകളാണ് സജ്ജമാക്കാറുള്ളത്.

(ബി) മാധ്യമ പ്രവർത്തകർക്ക് ആവശ്യമായ വാർത്തകൾ നൽകുന്നതിനോടൊപ്പം അവർക്ക് വാർത്തകൾ അയയ്ക്കുന്നതിനായി കമ്പ്യൂട്ടറുകൾ, ഇന്റർനെറ്റ് എന്നീ സൗകര്യങ്ങളുമാണ് മീഡിയാ സെന്ററുകളിൽ ലഭ്യമാക്കാറുള്ളത്.

(സി) ഓരോ വിശേഷാൽ പരിപാടികൾക്കനുസൃതമായാണ് മീഡിയാ സെന്ററുകൾ വകുപ്പ് തയ്യാറാക്കാറുള്ളത്.

സമന്വയം പത്രം പ്രസിദ്ധീകരണം

44 (5391) ശ്രീ. പാലോട് രവി :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ആൻഡ് പി.ആർ. വകുപ്പ് 'സമന്വയം' പത്രം വിതരണം ചെയ്യാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly